# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 04 | 2016 |
| --- | --- |



## ശബരിമല പത്രക്കുറിപ്പ്

ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidanam@gmail.com

Facebook Page: Sabarimalamediacentreiprdgok

**മണ്ഡല-മകരവിളക്ക് തീർഥാടനം സുഗമമാക്കും: സ്പെഷ്യൽ കോ-ഓർഡിനേറ്റർ**

മണ്ഡല-മകരവിളക്ക് തീർഥാടനം പ്രശ്നരഹിതമായും സുഗമമായും കൊണ്ടാടുന്നതിനുള്ള ഒരുക്കങ്ങൾ നടത്താൻ ശബരിമല സ്പെഷ്യൽ കോ-ഓർഡിനേറ്ററും സബ് കളക്ടറുമായ ചന്ദ്രശേഖർ സെൽവകുമാർ നിർദേശം നൽകി.2016-17ലെ മണ്ഡല-മകരവിളക്ക് ഒരുക്കങ്ങൾ വിലയിരുത്താൻ വിളിച്ചു ചേർത്ത യോഗത്തിൽ അധ്യക്ഷം വഹിക്കുകയായിരുന്നു അദ്ദേഹം.

ഭക്തർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന തരത്തിലുള്ള ഒരു പ്രവർത്തനങ്ങളും അനുവദിക്കാൻ കഴിയില്ല.സുഗമമായ അയ്യപ്പ ദർശനം സാധ്യമാക്കുന്നതോടൊപ്പം ശബരിപീഠവും പരിസരങ്ങളും മലിനമാകാതെ കാത്തുസൂക്ഷിക്കുക എന്ന ഉത്തരവാദിത്തം കൂടി നടപ്പാക്കേണ്ടതുണ്ട്. ഇതിന് ഭക്തരും ഉദ്യോഗസ്ഥരും കച്ചവടക്കാരും കുത്തുകക്കാരും ഉൾപ്പെടെയുള്ളവരുടെ സഹകരണം അനിവാര്യമാണ്.ഇതിനുള്ള സാധ്യതകൾ കൂടി ഉണ്ടാകണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ന്യായവിരുദ്ധമായ ഒരു പ്രവർത്തനങ്ങളും ശബരിമലയിൽ അനുവദിക്കില്ല.പാചകത്തിനായി അനുമതിയില്ലാതെ സിലിണ്ടറുകൾ പല കടകളിലും ഉപയോഗിക്കുന്നുവെന്ന അറിവു ലഭിച്ചതിനെത്തുടർന്ന് പരിശോധന നടത്തിയിരുന്നു.ലീഗൽ മെട്രോളജി, ആരോഗ്യവകുപ്പ്,ഡ്യൂട്ടി മജിസ്ട്രേറ്റ്, എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ്,വിവിധ സ്ക്വാഡുകൾ മുതലായവ വഴി  പരിശോധനകൾ ഇനിയും തുടരും.നിയമവിരുദ്ധ പ്രവർത്തനങ്ങൾക്ക് ശബരിമല മറയാകാൻ അനുവദിക്കില്ല.

മാതൃകകൾ കാട്ടിക്കൊടുത്താൻ മാത്രമേ  ഇതര സംസ്ഥാനങ്ങളിൽ നിന്നും കൂടി എത്തുന്ന ഭക്തർക്ക് അത് പ്രാവർത്തികമാക്കാൻ കഴിയുകയുള്ളു.ശബരിമലയാകാമാനം പലയിടങ്ങളിലായി നിർമിച്ചിരിക്കുന്ന ശൗചാലയങ്ങൾ ഉപയോഗപ്പെടുത്താൻ ഭക്തർ ശ്ര ദ്ധിക്കുകയും ഉദ്യോഗസ്ഥ തലത്തിൽ അവരെ ബോധവാൻമാരാക്കുകയും വേണമെന്ന് വനംവകുപ്പ് അധികൃതർ ഉന്നയിച്ച പ്രശ്നത്തിന് പരിഹാരമായി സബ് കളക്ടർ നിർദേ ശം നൽകി. ആവശ്യമെങ്കിൽ കൂടുതൽ ശൗചാലയങ്ങൾ നിർമിക്കുന്നതിന് സ്ഥലം ഉപ യോഗിക്കാൻ വനംവകുപ്പ് അനുമതി നൽകുമെന്ന് വനംവകുപ്പ് അധികൃതർ അറിയിച്ചു.

കൊപ്രക്കളത്തിലും മറ്റും കൂട്ടിയിട്ടിരിക്കുന്ന ഉപയോഗശൂന്യമായ ചിരട്ടകൾ അ ഗ്നിബാധയ്ക്ക് ഇടനൽകുമെന്നും അത്തരം സാഹചര്യങ്ങൾ ഉണ്ടായാൽ അഗ്നി  നിയ ന്ത്രണവിധേയമാക്കാൻ ദിവസങ്ങൾ വേണ്ടി വരുമെന്നും ഫയർഫോഴ്സ് അധികൃതർ യോഗത്തിൽ ചൂണ്ടിക്കാട്ടി. കൊപ്രക്കളത്തിലെ താൽക്കാലിക താമസ സംവിധാനങ്ങൾ ക്ക് നിലവിലെ ഒരു വാതിലിനു പുറമേ മറ്റൊരെണ്ണം കൂടി അടിയന്തരമായി നിർമിക്കേ ണ്ടതുണ്ടെന്ന് യോഗത്തിൽ പങ്കെടുത്ത കച്ചവടക്കാരുടെ പ്രതിനിധികൾക്ക് സബ് കള ക്ടർ നിർദേശം നൽകി.

ശബരിമലയിലെ എല്ലാ കച്ചവട സ്ഥാപനങ്ങളിലും അഗ്നിശമന ഉപകരണങ്ങൾ നിർബന്ധമായി ഉണ്ടായിരിക്കണമെന്നും അത് ഉപയോഗിക്കാൻ അറിയാത്തവർക്ക് ഫ യർഫോഴ്സ് അധികൃതർ പരിശീലനം നൽകുമെന്നും കോ-ഓർഡിനേറ്റർ പറഞ്ഞു.യോ ഗത്തിൽ അഗ്നിശമനത്തിന് ഉപയോഗിക്കുന്ന സിലിണ്ടറിന്റെ പ്രവർത്തനം ഫയർഫോഴ് സ് ഓഫീസർ പ്രവീൺ വിശദീകരിച്ചു.

ജീവനക്കാർക്ക് ഹെൽത്ത് കാർഡ് നിർബന്ധമാക്കിയിട്ടുണ്ട്.ദേവസ്വം ജീവനക്കാർ ക്കായി ഹെൽത്ത് കിറ്റ് വാങ്ങുന്നതോടൊപ്പം കച്ചവടക്കാരോടൊപ്പമുള്ളവർക്ക് കൂടി അ ത് ലഭ്യമാക്കുമെന്നും സബ് കളക്ടർ പറഞ്ഞു.കച്ചവടക്കാർ കിറ്റിനും പരിശോധനയ്ക്കു മുള്ള തുക കെട്ടിവയ്ക്കാൻ തയാറാകണമെന്നും അദ്ദേഹം നിർദേശിച്ചു. ഹെൽത്ത് കാർഡ് ലഭ്യമായിട്ടില്ലാത്തവർ ഉടനടി കാർഡിനുള്ള അപേക്ഷ നൽകണമെന്നും സബ് കളക്ടർ നിർദേശിച്ചു.

ശുചിത്വമിഷൻ അധികൃതർ, ഡ്യൂട്ടി മജിസ്ട്രേറ്റ് വി.പി.മുരളീധരൻ എന്നിവർ പ്ര സംഗിച്ചു. പോലീസ്, ഫോറസ്റ്റ്, ഫുഡ് സേഫ്റ്റി, മലിനീകരണനിയന്ത്രണ ബോർഡ്, കച്ചവടക്കാരുടേയും കുത്തുകക്കാരുടെയും പ്രതിനിധികൾ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

## ഉച്ചകഴിഞ്ഞ് പുല്ലുമേട് വഴിയുള്ള യാത്ര ഒഴിവാക്കണം

വന്യജീവികളുടെ ആക്രമണം ഉണ്ടാകുമെന്നതിനാൽ ഉച്ചകഴിഞ്ഞ് പുല്ലുമേട് വഴി യുള്ള യാത്ര ഒഴിവാക്കണമെന്ന് വനംവകുപ്പ് അധികൃതർ നിർദേശിച്ചു. അയ്യപ്പൻമാർക്ക് മുന്നറിയിപ്പ് നൽകാനായി  ഉരക്കുഴി ഭാഗത്ത് പ്രത്യേക ടീം സജ്ജമാക്കിയിട്ടുണ്ട്.

സന്നിധാനത്തും പരിസരപ്രദേശങ്ങളിലുമായി 24 മണിക്കൂറും  എലിഫന്റ് സ്ക്വാ ഡിന്റെ പ്രവർത്തനം സജീവമാക്കി.

പാമ്പു പിടിത്ത പ്രവർത്തനവും നടക്കുന്നു. ഇതിനകം വിവിധ ഇനത്തിൽപ്പെട്ട 115 പാമ്പുകളെ പിടികൂടി. പിടികൂടിയ പാമ്പുകളെ സുരക്ഷിത സ്ഥലത്ത് തുറന്നു വിട്ടിട്ടു ണ്ടെന്നും അധികൃതർ പറഞ്ഞു.

### അയ്യന് കാഴ്ചയായി മുൻ എസ്ഐയുടെ കളരിയഭ്യാസം

കാഴ്ചയുടെ വിരുന്നൊരുക്കി റിട്ടയേർഡ് പൊലീസ് സബ് ഇൻസ്പെക്ടർ മുരുകൻ ഗുരുക്കളുടെ നേതൃത്വത്തിൽ പൊലീസുകാർ നടത്തിയ കളരിയഭ്യാസം ഭക്തർക്ക് വേറിട്ട അനുഭവമായി. കളരിയോടൊപ്പം യോഗയും തെയ്യവും സന്നിധാനം ഓഡിറ്റോറിയത്തിൽ നിറഞ്ഞാടി. പതിനൊന്ന് പൊലീസുകാരും പതിനൊന്ന് ശിഷ്യരുമാണ് പരിപാടി അവതരിപ്പിച്ചത്.

കളരി വന്ദനം, മെയ്പ്പയറ്റ്, മുച്ചാൺപ്പയറ്റ്, വാളും പരിചയും തുടങ്ങി കളരിയുടെ എല്ലാ അഭ്യാസമുറകളും ഇവർ അവതരിപ്പിച്ചു. മാളികപ്പുറത്തമ്മ തെയ്യവും വിഷ്ണുമൂർത്തീ തെയ്യവും വ്രതനിഷ്ഠയോടെ എത്തിയ അഖിലേഷും സി കെ ശിവദാസനുമാണ് അരങ്ങിലെത്തിച്ചത്.

തൃശ്ശൂർ കളരി അസോസിയേഷൻ പ്രസിഡന്റ് കൂടിയായ മുരുകൻ ഗുരുക്കൾ സംസ്ഥാനത്തൊട്ടാകെയുള്ള സ്കൂളുകളിൽ കുട്ടിപൊലീസിന് അഭ്യാസമുറകൾ പഠിപ്പിക്കുന്നുണ്ട്. കഴിഞ്ഞ 32 വർഷമായി അയ്യന്റെ സന്നിധിയിൽ കളരി അഭ്യാസം നടത്താൻ അവസരം ലഭിച്ചത് തന്റെ ഭാഗ്യമാണെന്ന് ഗുരുക്കൾ പറയുന്നു.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.